പ്രസിദ്ധീകരണത്തിന്

## അമിത കൂലി ഈടാക്കുന്നതിനെതിരെ ശക്തമായ നടപടി

കുട്ടനാട് കാർഷിക മേഖലയിൽ നെല്ല് ചുമടുമായി ബന്ധപ്പെട്ട് കുട്ടനാട് ഐ.ആർ.സി നിഷ്കർച്ചിട്ടുള്ള കൂലി നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ അമിത കൂലി ഈടാക്കുന്നതായി നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. കുട്ടനാട് കാർഷിക മേഖലാ വ്യവസായ ബന്ധസമിതി (ഐ.ആർ.സി) 15.10.2014-ന് നെല്ല് ചുമട് കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയത്

1. 50 മീറ്റർ ദൂരപരിധിയ്ക്കുള്ളിൽ നെല്ല് ചാക്കിൽ നിറച്ച് തൂക്കി വള്ളത്തിൽ കയറ്റുന്നതിന് ക്വിന്റലിന് 70/- രൂപയായി വർദ്ധിപ്പിച്ചു.
2. 50 മീറ്റർ ദൂരം കഴിഞ്ഞ് അധികമായി വരുന്ന ഓരോ 25 മീറ്ററിനും 5/- രൂപായായി നിലനിർത്തി
3. കളങ്ങളിൽ നിന്ന് നെല്ല് ചാക്കിൽ നിറച്ച് ചാക്ക് തുന്നി, തൂക്കി നേരിട്ട് ലോറിയിൽ കയറ്റി കൊടുക്കുന്നതിന് ക്വിന്റലിന് 90/- രൂപയായി വർദ്ധിപ്പിച്ചു.
4. കടവുകളിൽ നിന്ന് നെല്ല് ലോറിയിൽ കയറ്റുന്നതിന് ക്വിന്റലിന് 30/- രൂപയായി വർദ്ധിപ്പിച്ചു.

പ്രസ്തുത നിരക്കിനേക്കാൾ കൂടുതൽ കൂലി ആവശ്യപ്പെടുന്നവർക്കും ഈടാക്കുന്നതിന് സമ്മർദ്ദം ചെലുത്തുന്നവർക്കുമെതിരെ ക്രിമിനൽ കേസ്സുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും എന്ന് ജില്ലാ കളക്ടർ അറിയിച്ചു. അമിത കൂലി ആവശ്യപ്പെടുന്നവരുടെ വിവരം തൊട്ടടുത്ത പോലീസ് സ്റ്റേഷനിലും ജില്ലാ ലേബർ ഓഫീസിലും ഉടനടി അറിയിക്കേണ്ടതാണ്.

OFFICE OF THE DISTRICT LABOUR OFFICER 0477-2253515 ALAPPUZHA

DISTRICT LABOUR OFFICER
ALAPPUZHA-688 013